## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1489** — **08-12-2022 - ൽ മറുപടിയ്ക്ക്**

## ക്ലാരി വെസ്റ്റ് ഗവൺമെന്റ് എൽപി സ്കൂളിന് അനുവദിച്ച ബസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ഗവൺമെന്റ് എൽ. പി. സ്കൂൾ ക്ലാരി വെസ്റ്റ് എന്ന സ്കൂളിന് അനുവദിച്ച സ്കൂൾ ബസ് എം.എൽ.എ. യുടെ അറിവോ ശുപാർശയോ ഇല്ലാതെ എടരിക്കോട് പഞ്ചായത്തിലെ ഗവൺമെന്റ് യു. പി.സ്കൂൾ ക്ലാരി എന്ന സ്കൂളിലേക്ക് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ ക്ലാരി വെസ്റ്റ് എന്ന സ്കൂളിലേക്ക് അനുവദിച്ച സ്കൂൾ ബസ് എടരിക്കോട് ക്ലാരി ഗവൺമെന്റ് യു. പി. സ്കൂളിലേക്ക് മാറ്റിയതിന് ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉത്തരവ് നൽകിയിട്ടില്ല. |
| (സി) | ഇത്തരത്തിൽ സ്കൂൾ ബസ് ഒരു സ്കൂളിൽനിന്നും മറ്റൊരു സ്കൂളിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | പ്രധാനാധ്യാപകരുടെ അപേക്ഷ , എം.എൽ.എ യുടെ കത്ത്, ബസ് സ്വീകരിക്കുന്ന പ്രധാനാധ്യാപകന്റെ ചെലവുകൾ വഹിക്കാമെന്ന സാക്ഷ്യപത്രം എന്നിവ ആവശ്യമാണ്. |
| (ഡി) | എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച സ്കൂൾ ബസ് മറ്റൊരു സ്കൂളിലേക്ക് മാറ്റുന്നതിന് എം.എൽ.എ. യുടെ ശുപാർശ ആവശ്യമുണ്ടോ; മേൽപ്പറഞ്ഞ സ്കൂൾ ബസ് മറ്റൊരു സ്കൂളിലേക്ക് മാറ്റിയത് ആരുടെ നിർദ്ദേശപ്രകാരമാണ്; വിശദമാക്കുമോ? | (ഡി) | എം.എൽ.എ യുടെ ശുപാർശ ആവശ്യമാണ്. ടി സ്കൂളുകളിലെ ബസ് കൈമാറ്റവുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ